പരിഷ്ക്കരിക്കുന്നതിലേക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുവാനായി ഒരു ടെക്നിക്കൽ കമ്മിറ്റിയേയും നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. മലയാളം ഷോർട്ട് ഹാൻഡ് മാനുവൽ തയ്യാറാക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിക്കുന്ന കാര്യം ഗവൺമെൻറിൻെറ സജീവ പരിഗണനയിലിരിക്കുകയാണ്. ഇപ്പോൾത്തന്നെ മലയാളം ചില പരിധിവരെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഔദ്യോഗിക കാര്യങ്ങൾക്ക് ഉപയോഗിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്. മലയാളം ഔദ്യോഗികഭാഷയാക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണവും ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുന്നു.

(3) കോടതിഭാഷ

സാധാരണയായി കോടതി നടപടികൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആണ് നടക്കാറുള്ളത്. കർണ്ണാടകം സംസാരിക്കുന്നകാസർകോട്ട് പ്രദേശത്ത് കർണ്ണാടകവും ഉപയോഗിക്കുന്നുണ്ട്. സാക്ഷിവിസ്താരം മിക്കവാറും പ്രാദേശികഭാഷയിലാണ് നടക്കുന്നത്. എന്നാൽ ചില ന്യായാധിപൻമാരെ തെളിവുകൾ ഇംഗ്ലീഷിൽ രേഖപ്പെടുത്തുവാൻ അധികാരപ്പെടുത്തിയിട്ടുണ്ട്. വിധികളും കൽപ്പനകളും ഇംഗ്ലീഷിലാണ് രേഖപ്പെടുത്താറുള്ളത്. ഡിഗ്രികൾ തിരു–കൊച്ചി പ്രദേശത്ത് പ്രാദേശിക ഭാഷയിലും മലബാർ പ്രദേശത്ത് ഇംഗ്ലീഷിലുമാണ് എഴുതാറുള്ളത്. കോടതി നടപടികൾ പരിപൂർണ്ണമായും പ്രാദേശികഭാഷയിലാക്കുവാൻ സമയമായില്ല എന്നാണ് ഹൈക്കോടതിയുടേയും ഗവൺമെൻറിൻെറയും നിലപാട്.

UNSTARRED QUESTIONS POSTED FOR ANSWER ON 23-3-1970

കൊച്ചിസംസ്ഥാനത്തെ ഹരിജൻ കോളനികൾ

108. (732) പന്തളം ശ്രീ. പി. ആർ. മാധവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ കൊച്ചിസംസ്ഥാനത്തു ഹരിജനങ്ങൾക്കായി എത്ര കോളനികൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവിടെ എത്ര ഹരിജൻ കുടുംബങ്ങൾ താമസിക്കുന്നു എന്നും പറയുമോ;

(ബി) പ്രസ്തുത കോളനികളിലെ ഹരിജൻ കുടുംബങ്ങൾക്കു നൽകിയ ഭൂമിയുടെ സ്ഥിരം പട്ടയം നൽകാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതിലേക്കുവേണ്ട സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

LEGISLATIVE BUSINESS

The Kerala Appropriation (No. 2) Bill, 1970

[9 A. M.]

Minister for Finance (**Shri N. K. Seshan**) : Sir, I introduce the Kerala Appropriation (No. 2) Bill, 1970.

Mr. Speaker : The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly

Shri N. K. Seshan : Sir, I move that the Kerala Appropriation (No. 2) Bill, 1970 be taken in to consideration.

Minister for Health (**Shri K. M. George**) : Sir, I second it.

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): സർ, ഇതിനെസംബന്ധിച്ച് സുദീർഘമായി സംസാരിക്കേണ്ട കാര്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. സപ്ലിമെൻററി ഗ്രാൻറ് അവതരിപ്പിച്ച സന്ദർഭത്തിൽ ഈ അൻപതിൽ പിലാനം കോടി ഉറുപ്പിക ചെലവുവരുന്ന വിവിധ ഡിപ്പാർട്ടുമെൻറുകളുടെ പ്രവർത്തനങ്ങളെസംബന്ധിച്ച് ഇവിടെ നിരൂപണങ്ങളുണ്ടായതും ആ നിരൂപണങ്ങൾക്ക് അന്ന് മറുപടി പറഞ്ഞിട്ടുള്ളതുമാണ്. അവയുടെ ക്രമീകരണത്തിനും മററും ആവശ്യമായിട്ടുള്ള ഒരു സാങ്കേതിക ബിൽ അവതരിപ്പിക്കുന്നു എന്നുള്ളതുവിട്ട് സാങ്കേതികമായി പ്രത്യേകമായ മറെറാന്നും ഇവിടെ ഞാൻ പറയാൻ ആഗ്രഹിക്കുന്നില്ല. ഈ ബില്ലിൽ ഇത്രയധികം ഉറുപ്പിക എന്തുകൊണ്ട് സപ്ലിമെൻററി ഗ്രാൻറായി ഉൾക്കൊള്ളിച്ചു എന്നുള്ള സംശയം സ്വാഭാവികമായും ഉണ്ടാകും. അതിനൊരു മറുപടി പറയണമെന്നുമാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഈ റിസർവ്വ് ബാങ്കിൻെറ പക്കൽനിന്നും ഓവർഡ്രാഫ്റ്റായി അപ്രതീക്ഷിത ചെലവുകൾക്കുവേണ്ടി പണം എടുത്തുപയോഗിക്കാറുണ്ട്. കൂടുതൽ ചെലവ് ഇങ്ങനെ ഓരോ ഇനങ്ങളിലായി ഉണ്ടായിട്ടുണ്ട്. പക്ഷേ ഈ ഓവർഡ്രാ ചെയ്യുന്ന സംഖ്യ പലേ ഗഡുവുകളായി എല്ലാ ഗഡുവും അങ്ങോട്ട് മടക്കി അടയ്ക്കാറുണ്ട് മടക്കി അയച്ച തുക ഇതിൽ കിട്ടിയിട്ടില്ലെന്നുള്ളതാണ് സത്യം. 50 കോടി ഉറുപ്പിക സപ്ലിമെൻററി ഗ്രാൻറിൻെറ രൂപത്തിൽ ചെലവാക്കാൻ മാത്രമായി ഇത്രയധികം എന്തുകൊണ്ടു എടുക്കുന്നു എന്നുള്ളതിനു സമാധാനമാണ് ഓവർഡ്രാ ചെയ്യുന്ന സംഖ്യ പല സന്ദർഭങ്ങളിലും അങ്ങോട്ടു മടക്കി അയച്ചിട്ടുണ്ടെന്നുള്ളത്. ഇതിൽ കൂടുതലായി എനിക്ക് ഇതിനെസംബന്ധിച്ച് ഒന്നും പറയാനില്ല. ഈ 1969–70-ലെ ബഡ്ജറിൽ ചെലവിൽ ഉൾക്കൊള്ളേണ്ടതും ഉൾക്കൊള്ളിക്കേണ്ടതും അതനുസരിച്ച് ചെലവാക്കപ്പെടേണ്ടതും ആയ ഈ സംഖ്യയുടെ അതിൻെറ നിയമപരമായ സാധൂകരണം ആവശ്യമായിട്ടുള്ളതായ ഈ ധനവിനിയോഗബിൽ പരിഗണനക്ക് എടുക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു.

Mr. Speaker : Now about the time allotment.

	Minutes
Ruling Parties	20
Marxist Party	18
S. S. P.	3
Congress, both factions	3 each
Independents	3
Reply	10 minutes
Total	60 minutes.

Now Mr. E. K. Imbichi Bava can speak.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സർ, ഈ ധനവിനിയോഗ ബില്ലിനെക്കുറിച്ചു സംസാരിക്കുമ്പോൾ ഈ ഗവൺമെൻറിൻെറ മനോഭാവത്തെ സംബന്ധിച്ച് ആദ്യമായി ഞാൻ പറയാനാഗ്രഹിക്കുകയാണ്. ഈ ഗവൺമെൻറ് മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള ഗവൺമെൻറുകളിൽനിന്നു വളരെ വ്യത്യസ്തമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വികൃതസ്വഭാവമുള്ള ഗവൺമെൻറായിട്ടാണ് ഞാൻ കാണുന്നത്. അതു സ്വാഭാവികവുമാണ്. അതുകൊണ്ട് ആ സ്വഭാവം അവർ സ്വീകരിക്കുമെന്നു തന്നെ കരുതേണ്ടതുണ്ട്. മുൻഗവൺമെൻറുകളും സ്വീകരിച്ചുവന്നിട്ടുള്ള വികസന പരിപാടികളും തുടർന്നു പോഷിപ്പിച്ചു നടത്തുന്നതിനുപകരം അവ മുൻഗവൺമെൻറ് കൊണ്ടുവന്നതാണെന്നും ഈ ഗവൺമെൻറിനെതിരായി വന്ന ഒരു ഗവൺമെൻറെന്നുള്ള നിലക്ക് ഈ പരിപാടികളെല്ലാം വികൃതമാക്കപ്പെടുത്താനോ പൊളിക്കാനോ അതല്ലെങ്കിൽ കടകവിരുദ്ധമായി പ്രവർത്തിക്കാനോ ഉള്ള ഒരു പ്രവണതയാണ് എനിക്കിവിടെക്കാണാൻസാധിക്കുന്നത്. ഉദാഹരത്തിന് ഇവിടെ 67-നു ശേഷമുണ്ടായിട്ടുള്ള ഐക്യമുന്നണി ഗവൺമെൻറുകളുടെ പ്രവർത്തനത്തിൽ ഏറ്റവും നല്ല നിലയിൽ വികസിച്ചുവന്ന ഒരു ഡിപ്പാർട്ടുമെൻറാണ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറ്. ഒരു 10 കൊല്ലക്കാലത്തെ വികസനത്തേക്കാളും ഊർജിതമായി ഈ രാജ്യത്ത് അതിൻെറ വികസനം നടക്കുകയുണ്ടായിട്ടുണ്ട്. കൂടുതൽ വികസനപരിപാടികളും വച്ചുകൊണ്ട് നടന്നുവരികയായിരുന്നു. എന്നാൽ ഈ ഗവൺമെൻറ് വന്നതിനുശേഷം ഈ വികസനത്തിന് എന്തു വിഘാതമാണ് ഉണ്ടാക്കാൻ സാധിക്കുകയെന്നതാണ് ആദ്യമായി ആലോചിച്ചത്. അതിനാവശ്യമായ പ്രവൃത്തിക്കാരെ ആ കാലത്തു നിയമിച്ചു എന്നുള്ളതുകൊണ്ട് ജോലിക്ക് ധാരാളം പേരെ ആവശ്യമുള്ളപ്പോഴത്തന്നെ, അവരെ പിരിച്ചുവിട്ടതില്ല. അവർ സഞ്ചരിക്കുന്ന ഓരോ ബസ് സ്റേഷനിലും എത്രമാത്രം ബസ്സുകളും കിടക്കുന്നു എന്ന് കാണാൻ സാധിക്കുന്നതാണ്. ഞാൻ മാത്രമല്ല മറ്റുപലരും എന്താണ് ഇങ്ങനെ കിടക്കുന്നതെന്ന് അന്വേഷിച്ചപ്പോൾ ഡ്രൈവർ ഇല്ലാത്തതുകൊണ്ടാണ്, മെക്കാനിക്ക് ഇല്ലാത്തതുകൊണ്ടാണ് എന്നു പറയുന്നതു കേൾക്കാൻ പലർക്കും കഴിഞ്ഞിട്ടുള്ളതാണ്. ഡ്രൈവർമാരേയും മെക്കാനിക്കുകളേയും പിരിച്ചിവിട്ടുകൊണ്ടുള്ള ഒരു സ്ഥിതി ഉണ്ടാക്കുക, മെക്കാനിക്കും ഡ്രൈവറും ഇല്ലാതിരിക്കുക ഇതു രണ്ടും എങ്ങനെയാണ് പൊരുത്തപ്പെടുക. അതിൽനിന്നുതന്നെയാണ് ഞാൻ മനസിലാക്കുന്നത് ഈ ഗവൺമെൻറിൻെറ നയങ്ങളും മുൻഗവൺമെൻറ് ചെയ്തിട്ടുള്ള വികസനപരിപാടികളെ തുടർന്നോ അതിൽ കൂടുതലോ വികസിപ്പിച്ച് മുന്നോട്ടു കൊണ്ടുവരുക എന്നുള്ളതല്ലെന്ന് സുപരിചിതമായിക്കഴിഞ്ഞിരിക്കുകയാണ്. ഈ അടുത്തകാലത്ത് ഷെഡ്യൂൾ അനുസരിച്ച് എത്ര ഡ്രൈവർ, എത്ര ക്ലീനർ, എത്ര മറ്റു സ്റാഫുകളും ഇവയൊക്കെ വേണമെന്നുള്ള കാര്യത്തെസംബന്ധിച്ചിടത്തോളം കണക്കു പരിശോധിച്ച് എത്ര വേണമെന്നുള്ളകാര്യംപോലും നോക്കി മനസിലാക്കി അതിനുള്ള നടപടികളും എടുക്കാൻ അതിൽ ചുമതലപ്പെട്ട മന്ത്രിക്കു സമയമില്ല. അദ്ദേഹത്തിന് രണ്ടു കാരണങ്ങളാലാണ് സമയമില്ലാതെ പോകുന്നത്. ഒന്ന്, അദ്ദേഹത്തിൻെറ മനസ്സിലുള്ള അസൂയ, അത് അദ്ദേഹത്തെ സാധാരണ മനുഷ്യത്വത്തിൽനിന്നും അകറ്റിക്കൊണ്ടു പോകുന്നു. മറെറാന്ന് അദ്ദേഹം ഇന്നു നിൽക്കുന്ന മന്ത്രിസഭ എപ്പോഴാണ് പൊട്ടിത്തെറിക്കുക എന്ന ഭീതിയിൽ അതിനുള്ള ഏർപ്പാടുകൾക്കുവേണ്ടിയുള്ള സമയം. ഇതു രണ്ടും കാരണമായിട്ട് ഈ സഭയിൽ ട്രാൻസ്പോർട്ട് കാര്യങ്ങൾ സ്തംഭിച്ചുപോയിരിക്കുന്നു. അദ്ദേഹം ഇവിടെ പലതും അസത്യമായി പറഞ്ഞിട്ടുണ്ട്. അദ്ദേഹമടക്കമുള്ള കമ്മിറ്റി, ഞങ്ങളും അടക്കമുള്ള കമ്മിറ്റി ഇതു പരിശോധിക്കാനും ഈ വസ്തുത മനസിലാക്കി റിപ്പോർട്ട് സമർപ്പിക്കാനും വേണ്ടതു അദ്ദേഹത്തിനു ചെയ്യാൻ ധൈര്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മറെറാരു കാര്യം പറയാനുള്ളത നമ്മുടെ മൈനർ പോർട്ടുകളെസംബന്ധിച്ചാണ്. മൈനർപോർട്ടുകളുടെ കാര്യത്തിൽ അദ്ദേഹം അതിനെസംബന്ധിച്ച് പഠിക്കേണ്ടതായിട്ടാണിരിക്കുന്നത്. അഥവാ ഇനി പഠിക്കാൻ അദ്ദേഹം മുതിരുന്നില്ലെങ്കിൽ അത് കേരളത്തെ സംബന്ധിച്ചിട ത്തോളം വളരെ നിർഭാഗ്യകരമായിരിക്കും. ആറേഴു മൈനർ പോർട്ടുകളുടെ വികസനത്തെസംബന്ധിച്ചിടത്തോളം ഒരു റിപ്പോർട്ട്, പ്രഥമ വിവരങ്ങളട ങ്ങുന്ന ഒരു റിപ്പോർട്ട്, ഗവൺമെൻറ് ആവശ്യപ്പെട്ടു ഉണ്ടാക്കിയ ഒരു റിപ്പോർട്ട്, ഇൻഡോപോം കമ്പനി തയ്യാറാക്കിയ റിപ്പോർട്ട് ഗവൺമെൻറിൻെറ മുമ്പി ലുണ്ട്. അതിനെസംബന്ധിച്ചുള്ള സ്കീം എങ്ങനെയാണ് നടപ്പിലാക്കേ ണ്ടതെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഇതിനുമുമ്പു പ്രതിപാദിച്ചിട്ടുണ്ട്. അതിൻെറ പ്രവർത്തനങ്ങം ത്വരിതപ്പെടുത്തേണ്ട കാര്യത്തിൽ അദ്ദേഹത്തിനു സമയമില്ല. ഞാൻ ചോദിക്കുന്നു സർ, ഇവിടെ ഈ അടുത്ത ദിവസം നടന്ന ചോദ്യോത്തരവേളയിൽ മൈനർ പോർട്ടുകളെ സംബന്ധിച്ചു പറഞ്ഞപ്പോം വിഴിഞ്ഞം ഫിഷിംഗ് ഹ്രെഡ്ജിംഗിനെസംബന്ധിച്ചിടത്തോളം പറഞ്ഞപ്പോം ശ്രീ. കെ. എം. ജോർജു അതു ഫിഷറീസ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ മേൽ വിട്ടുപോവുകയാണുചെയ്തത്. ഫിഷിംഗിൻെറ കാര്യത്തിൽ അദ്ദേഹം തന്നെയാണ് ചുമതലപ്പെട്ടയാം. എന്നിരുന്നാലും ഹ്രെഡ്ജിംഗിനെ സംബന്ധിച്ചുള്ള കാര്യത്തിൽ ഫിഷിംഗ് ഹാർബറിൻെറയും പോർട്ടിൻെറയും വികസനത്തിനാവശ്യമായ ഏർപ്പാടുകളിൽ ജായിൻറായിട്ടാണ് ആ പരിപാടി കളുടെ ചുമതല വഹിക്കുന്നതെങ്കിലും ഇതിനുത്തരം പറയേണ്ടത് ട്രാൻസ് പോർട്ടു മന്ത്രിതന്നെയാണെന്ന് ഇതിനുമുമ്പ് ഡിസൈഡു ചെയ്തിട്ടുള്ളതാണ്. പക്ഷേ അദ്ദേഹത്തിനു ഫയൽ നോക്കാൻ സൗകര്യമില്ലാത്തതുകൊണ്ട് തൽക്കാലം തപ്പിത്തടഞ്ഞ് ശ്രീ. നഹയുടെ അടുക്കലേക്കു വിടുകയാണ് ചെയ്തത്. ഹ്രെഡ്ജർ വാങ്ങാൻ കേന്ദ്രഗവൺമെൻറ് 3 കോടി രൂപ അനുവദിച്ചിട്ട് അതിന് എന്തു നടപടി എടുത്തു. ഈ മിനിസ്റ്റർ വന്നിട്ട് അതിനുവേണ്ടി ഒരു ചെറുവിരലെങ്കിലും അനക്കിയോ? രണ്ടുകൊല്ലത്തിനിടക്കു കിട്ടാനിടയുണ്ടെന്നാണോ മന്ത്രിക്കു പറയാൻ കഴിയുക. ഹ്രെഡ്ജർ നമുക്ക് എത്രമാത്രം ആവശ്യമാണെന്നറിയാമോ? ഒരു സ്ത്രീ ഗർഭം ധരിച്ച് പ്രസവിക്കേണ്ട ഘട്ടത്തിൽ പ്രസവിക്കാതിരുന്നാൽ എത്ര പ്രയാസം ഉണ്ടാകുമോ അതു പ്രകാരമാണ് കേരളത്തിലെ പോർട്ടുകൾക്ക് ഹ്രെഡ്ജർ ഇല്ലാതെ ഓപ്പറേഷൻ നടത്താൻ സാദ്ധ്യമല്ല. ഹ്രെഡ്ജർ ഇല്ലാത്തതിൻെറ വിഷമം ഇന്ന് ആളുകം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. എം. അബൂബേക്കർ: മുമ്പ് മന്ത്രിയായിരന്ന കാലത്ത് ബേപ്പൂരിൽ കൊണ്ടിട്ട ഹ്രെഡ്ജർ പ്രസവിക്കാത്തതുകൊണ്ട് ആ പോർട്ട് ഇപ്പോഴും മച്ചിയായിട്ടു കിടക്കുകയാണെന്നറിയാമോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: അങ്ങനെ ഉള്ളതുകൊണ്ടാണ് പറഞ്ഞത്. ആ ഹ്രെഡ്ജർ പാഴാക്കിക്കളയാൻ പറയുകയില്ല. കടലിലേക്ക് പോകു ന്നതിന് ഇതാവശ്യമാണ്. അതുകൊണ്ടാണ് മൂന്നുകോടിയല്ല നാലുകോടി യായാലും ശരി കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ ഫിഷിംഗ് ആവശ്യ ത്തിനുവേണ്ട കാർഗോ ഏർപ്പാടിന് ഇതാവശ്യമാണെന്നു പറഞ്ഞത്. എന്തെങ്കിലും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ കടലിലുള്ള ഒരു പദ്ധതിയും നടക്കുകയില്ല. ഇന്നുതന്നെ കൊച്ചിക്കടുത്തുള്ള അഴിക്കോട് 30, 32 അടി യുള്ള ബോട്ടുപോലും ശരിക്കു കയറുന്നില്ല. വേലിയിറക്കവും കയറ്റവും നോക്കിയല്ലാതെ ഈജാതി ബോട്ടുകം ഉപയോഗിക്കാൻ കഴിയാത്ത ഗതികേടാ ണുള്ളത്. പൊന്നാനിയുടെ കാര്യം അവിടത്തെ മെമ്പർ പറയുമെന്നാണ് വിചാരിക്കുന്നത്. ഏതായാലും പൊന്നാനിയിൽ ബോട്ട് അടുക്കാതെ ദൂരെ

LIBRARY ARCHIVES Kerala Legislative Assembly

വേറെ സ്ഥലത്തുകൊണ്ടുപോയി ഇറക്കി പിന്നീടുകൊണ്ടുവരുന്ന ഗതികേടാണുള്ളത്. ബ്രെഡ്ജറിന്റെ കാര്യത്തിൽ ഉടനടി വേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

(Shri K. Moideenkutty Haji in the chair)

ഇൻഡ്യാഗവൺമെന്റ് സമ്മതിച്ചത് കിട്ടുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ബേപ്പൂരിന്റെ പ്രവർത്തി തുടങ്ങിയിരിക്കുന്ന അന്ന് അദ്ദേഹം ഇവിടെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു.. അദ്ദേഹം ആലോചിച്ചിട്ടാണോ പറഞ്ഞതെന്ന് ഞാൻ ഇപ്പോഴും സംശയിക്കുകയാണ്. കാരണം ഇൻഡ്യാഗവൺമെന്റ് പറയുകയല്ലാത്ത ഇനിയും അതു നൽകിക്കഴിഞ്ഞിട്ടില്ല. അതിന്റെ പ്രവർത്തി ചെയ്യുന്നതിനുമുന്നെ എത്രയോ കോടിരൂപാവേണം.. അതിനു ഒരു മൂന്നുകോടി രൂപയെങ്കിലും അടിയന്തിരമായി അനുവദിക്കണമെന്നു പറയാൻ മിനിസ്റ്റർക്കു സാധിച്ചിട്ടില്ല. ഇതിനു മമ്പ് ഉറഞ്ഞ മണ്ണുപോപോലും മാറാൻ സാധിച്ചിട്ടില്ല. അദ്ദേഹം ഇപ്പോഴും ഒരുകോടികൊണ്ട് തൃപ്തിപ്പെടാൻ പോവുകയാണ്. അതു തന്നെ കിട്ടുമോയെന്നു സംശയിക്കുകയാണ്.

സർ, ഈയിടെ ഞാൻ പത്രത്തിൽ വായിക്കുകയുണ്ടായി ഇൻഡ്യയിലെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഏറ്റവും ലാഭകരമായി നടക്കുന്നത് ഇൻഡ്യയിലെ ഷിപ്പിംഗ് കാർപ്പറേഷന്റെ പ്രവർത്തനമാണെന്ന്. അങ്ങനെയാണെങ്കിൽ സർ അലക്സാണ്ടർ കേരളത്തിൽ വരുന്നതിനുമുമ്പു ഇവിടെ നാവിഗേഷന്റെ പ്രവർത്തനങ്ങൾ നടന്നിരുന്നു. അതേ നിലയിൽതന്നെയാണ് ഇപ്പോഴും അതിന്റെ ഗതി. അതുകൊണ്ട് ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടത് യാതൊരു കാരണവശാലും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. മുമ്പത്തെ ഗവർമ്മെന്റ് ഇതുസംബന്ധിച്ച് ആവിഷ്ക്കരിച്ച ചില പരിപാടികൾ ബഹുമാനപ്പെട്ട മന്ത്രി കണ്ടിരിക്കുമോയെന്നു ഞാൻ സംശയിക്കുന്നു. കപ്പൽകമ്പനിയെസംബന്ധിച്ചും മറ്റും ഉള്ള ഫയൽ മന്ത്രി കണ്ടിരിക്കാൻ ഇടയില്ല. അതൊന്നു വായിച്ചുനോക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ പറയുകയാണ്.

അതുപോലെതന്നെ മറ്റു ചിലകാര്യങ്ങൾ കൂടി എനിക്കു പറയാനുണ്ട്. മലമ്പുഴ ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറിയിരിക്കുകയാണ്. മലമ്പുഴയിൽ തമിഴ്നാട്ടിൽ നിന്നും മൈസൂറിൽ നിന്നും ധാരാളം ടൂറിസ്റ്റുകൾ വരുന്നുണ്ട്. അവിടെ ഒരു മ്യൂസിയവും സൂവും ഇവിടത്തെപ്പോലെ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. അതു ഭംഗിയായി നടത്താൻ പറ്റിയ സ്ഥലമാണ്. അങ്ങനെയൊരു പ്രപ്പോസൽ കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് ഉണ്ടായിരുന്നു. അതിന്റെ പ്രാരംഭപ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ അതുവേണ്ടെന്നു പറയുകയാണ്. കാറ് അങ്ങനെ തിരിഞ്ഞിരിക്കുകയാണ്. അന്നത്തെ ഗവർമെൻറിന്റെ കാലത്ത് ആരംഭിച്ചതൊന്നും തുടരാൻ പാടില്ലെന്ന—പട്ടയം ഒഴിച്ച്—നിലപാടാണ് ഈ ഗവർമ്മെൻറിനുള്ളത്. അത് ഈ രാജ്യത്തെ ഗുണപ്പെടുത്താനുള്ള ഏർപ്പാടാണോയെന്ന് ഞാൻ ചോദിക്കുകയാണ്. അതുകൊണ്ട് എനിക്കു പറയാനുള്ളത് അവിടെ ഒരു മ്യൂസിയം—സൂ സ്ഥാപിക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നാണ്.

എലക്ട്രിസിറ്റിയുടെ കാര്യമാണ് അടുത്തതായി എനിക്കു പറയാനുള്ളത് വളരെയധികം എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും അത് നമുക്ക് മുഴുവൻ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. വേണ്ടത്ര എലക്ട്രിസിറ്റി ഉണ്ടായിരുന്നിട്ടും അത് ഉപയോഗിക്കാൻ കഴിയാത്ത ഒരു സംസ്ഥാനം കേരളത്തെപ്പോലെ വേറെ കാണുമോയെന്ന കാര്യം സംശയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എത്രയോ വീട്ടുകാരാണ് ഇന്നും എലക്ട്രിസിറ്റിക്കുവേണ്ടി കാത്തിരിക്കുന്നത്. മഹാപ്രസ്ഥാനത്തിന്റെ പേരും പറഞ്ഞ് ബടായിയും അടിച്ച് ഇന്നു നടക്കുകയാണ്. ഗാന്ധിസെന്റിനറിയോട് അനുബന്ധിച്ച് എല്ലാവീടുകളിലും വെളിച്ചം എത്തിക്കുന്നതിനുള്ള ഒരു പരിപാടിയുണ്ടായിരുന്നു. എന്നാൽ ഇന്ന് അതു കെട്ടുകഴിഞ്ഞു. ഇനി അതിന് വേറെ വിളക്ക് കൊളുത്തിവയ്ക്കണം. എന്താണ് ഇതിന്റെ കാരണം. ഇവിടെ എലക്ട്രിസിറ്റി ഇല്ലാത്തതും അതിനെസംബന്ധിച്ച് വിവരം ഇല്ലാത്തതുകൊണ്ടും അല്ല. അതിനുള്ള സമയമില്ല. അതിനുള്ള കരുത്തില്ല. അതുപോലെതന്നെ ട്രാൻസ്ഫാമറില്ല, വയറില്ല, കാലില്ല. അതുകൊണ്ട് ഇതിനുള്ള തേക്കിൻകാലും മറ്റു സാധനങ്ങളും ഉണ്ടാക്കണം. എലക്ട്രിസിറ്റിയുടെ ചാർജുവഹിക്കുന്ന മന്ത്രി ട്രാൻസ്ഫാമിന്റെയും കാലുകളുടെയും വയറിന്റെയും കാര്യത്തിൽപ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വേണ്ടത്ര എലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കാൻ കഴിവുള്ള ഭാഗ്യവതിയായ കേരളം അതുപയോഗിക്കാൻ കഴിയാത്തതുമൂലം ഉറങ്ങിക്കിടക്കുകയാണ്. കോടിക്കണക്കിന് രൂപാ നഷ്ടം വരുത്തത്തക്കനിലയിൽ ഉള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇവർക്ക് ഈ കാര്യത്തിലെങ്കിലും ശരിയായി ശ്രദ്ധപതിപ്പിക്കാൻ കഴിയുന്നില്ല. പട്ടയത്തിൽ ധൃതികാണിക്കുന്ന മന്ത്രി കാണിച്ച ഒരു വിവരക്കേട് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. ഞങ്ങൾ മദിരാശിയുമായി ബന്ധപ്പെട്ടിരുന്ന കാലത്ത് അരിക്കച്ചവടംനടത്തിയ വകയിൽ സ്റ്റേറ്റിന് കുറെ പണം മിച്ചം വന്നു. ഞാൻ എം. പി. യായിരുന്ന കാലത്ത് മിച്ചം കിട്ടിയ ആ പണം റീഫണ്ടുചെയ്യണമെന്ന് ആവശ്യപ്പെട്ടു. അങ്ങനെ അതു അനുവദിക്കുകയും ചെയ്തു. അങ്ങനെ കിട്ടിയ തുക ഇൻറസ്ട്രിയൽ ഡവലപ്പുമെൻറിന് ഉപയോഗിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. അപ്പോഴാ ആർക്കു കൊടുക്കണമെന്നുള്ള പ്രശ്നം വന്നു. പൊന്നാനിതാലൂക്കിനുതന്നെ അതു കിട്ടേണ്ടതാണെന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിനു കൊടുക്കാൻ തീരുമാനിച്ചു. പഞ്ചായത്ത് ഒരു സംഘത്തിനു കൊടുക്കുകയും ചെയ്തു. അപ്പോഴാ വ്യവസായത്തിനുവേണ്ടി ഉപയോഗിക്കണമെന്നുള്ള നിലയിലാണ് ആ തുക കൊടുത്തത് ഗവൺമെൻറ് ആ സംഖ്യ പഞ്ചായത്തു ഡയറക്ടറെ ഏൽപ്പിച്ച. പഞ്ചായത്ത് ഡയറക്ടർ പഞ്ചായത്തിനെ ഏൽപ്പിച്ച. പഞ്ചായത്ത് ഒരു സൊസൈറ്റി രൂപീകരിച്ചു, സൊസൈറ്റിക്ക് ആ പണം കൊടുത്തു. എന്നാൽ നമ്മുടെ പട്ടയം മിനിസ്റ്റർ എന്താണു ചെയ്തതെന്നറിയാമോ? ആ ഹയലിന്റെ ചരിത്രമൊന്നും നോക്കാതെ, ഏതാവശ്യത്തിലേയ്ക്കുള്ള തുകയെന്നു നോക്കാതെ അതു നശിപ്പിക്കാൻ വേണ്ടി പായൽ നീക്കുകയാണ്. സർ, ഇത്ര വിവരക്കേടു ചെയ്യുന്ന ഒരു മന്ത്രി ഇൻഡ്യാ രാജ്യത്തിൽ മറെറവിടെയെങ്കിലും ഉണ്ടായെന്ന് ഞാൻ സംശയിക്കുകയാണ്. അങ്ങനെ വിവരക്കേടുകളാൽ ചുറ്റപ്പെട്ട ഒരു മന്ത്രിസഭയാണ് ഇതെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, ഞാൻ എന്റെ പ്രസംഗം അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, ഈ രാജ്യത്ത് വളരെക്കാലം നിയമസഭാമെമ്പറായിരുന്ന ഈ രാജ്യത്ത് ഒരു മന്ത്രിയായിരുന്ന ഇൻഡ്യൻ പാർലമെൻറിൽ മെമ്പറായിരുന്ന ബഹുമാനപ്പെട്ട മെമ്പർ ഇമ്പിച്ചിബാവ ഇവിടെ നടത്തിയ പ്രസംഗം വളരെ സ്തുത്യർഹമായിരുന്നു. പ്രത്യേകിച്ച് യാതൊരു വിമർശനവും അദ്ദേഹം ഇന്നു നടത്തിയില്ല. വളരെ മര്യാദയായിട്ട്, കൺസ്ട്രക്റ്റീവ് ആയിട്ടുള്ള കാര്യങ്ങളാ ഈ ഗവർമ്മെൻറ് ചെയ്യണമെന്ന് ഉപദേശിക്കുകയാണ് ചെയ്തത്. എന്തു വ്യത്യാസമാണ് ഇന്നും ഇന്നലെയും ആയിട്ടു വന്നിരിക്കുന്നത്. സർ, കഴിഞ്ഞ മൂന്നുനാലുദിവസം നമ്മളാ ഇവിടെ കണ്ടത് എന്താണ്. ഏതു ചെകുത്താനെ കൂട്ടുപിടിച്ചാലും ഈ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിസഭയെ താഴെയിടണമെന്നു പറഞ്ഞ് ഒരു ബഹളമായിരുന്നു ഇവിടെ നടന്നത്. അതെല്ലാം കഴിഞ്ഞ്, പരീക്ഷണമെല്ലാം കഴിഞ്ഞ് ഇന്നലെ എല്ലാവരുംകൂടി വോട്ടുചെയ്തു. എട്ടു വോട്ട് ഈ ഭാഗത്ത് കൂടുതൽ കിട്ടി. മറേഭാഗത്തേക്കാൾ എട്ടുവോട്ടു കൂടുതൽ നേടി പ്രതിപക്ഷത്തെ തോൽപ്പിക്കുകയാണു ചെയ്തത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: സെമിഫൈനലാണ്.....

ശ്രീ. ജോസഫ് ചാഴിക്കാട്ട്: അതു പിന്നാലെ പാർക്കലാം. ഏതായാലും തൽക്കാലം ഫൈനലായല്ലോ. അതുകൊണ്ട് ഇനി നമുക്കു ചെയ്യാവുന്നത് ഒന്നുമാത്രമാണ്. ഇന്നത്തെ ശ്രീമാൻ ഇമ്പിച്ചിബാവയുടെ പ്രസംഗം നാം ശ്രദ്ധിച്ചുകേൾക്കേണ്ടതാണ്. കൗൺസ്ട്രക്റ്റീവ് ആയിട്ടാണ് പറഞ്ഞത്. മുമ്പാണെങ്കിൽ എപ്പോഴും എഴുന്നേറ്റു നിന്ന് പോലീസ് അക്രമം പോലീസു അക്രമം എന്നൊക്കെയാണ് പറഞ്ഞുകൊണ്ടിരുന്നത്. ഇനി അതു നിറുത്തിവച്ച് നല്ല ഒരു പ്രതിപക്ഷമായി ഭരണകക്ഷി കുഴൽക്കണ്ണാടിയിലൂടെ കാര്യങ്ങൾ നോക്കുന്നതുപോലെ നോക്കി വിമർശിക്കാൻ നിങ്ങൾക്ക് അവകാശമുണ്ട്. ഭരണകക്ഷിയെ കുറ്റംപറയാൻ നിങ്ങൾക്ക് അവകാശമുണ്ട്. അതുകൊണ്ട് ഈ ഗവർമ്മെൻറ് ചെയ്യേണ്ട നല്ല കാര്യങ്ങളെ സംബന്ധിച്ചു പറയുക. അങ്ങനെ പറഞ്ഞാൽ എന്തെല്ലാം കാര്യങ്ങൾ നമുക്കു ഇവിടെ ചെയ്യാൻ സാധിക്കും. അതുകൊണ്ട് എനിക്കു പറയാനുള്ളത് വലതു ഭാഗത്തിരിക്കുന്ന അല്ലെങ്കിൽ ഇടതുഭാഗത്തിരിക്കുന്ന, എന്റെ വലതു ഭാഗത്തിരിക്കുന്ന ഗവൺമെൻറിന്റെ ഇടതുഭാഗത്തിരിക്കുന്നആളുകളോട് എനിക്കു പറയാനുള്ളത് നിങ്ങൾ ഒരു ഫൈറ്റു നടത്തി; ഗോൾ അടിക്കുകയും ചെയ്തു. അതു നിങ്ങൾക്ക് എതിരായിരുന്നു. നിങ്ങൾ ഇവിടെ രണ്ടു രണ്ടരകൊല്ലം ഭരിച്ചിട്ട് അതു വേണ്ടെന്നു വച്ച് സ്വമനസ്സാലെ ഇറങ്ങിപ്പോയി. ഇറക്കിവിട്ടു എന്ന് ഞാൻ പറയുന്നില്ല. എന്നിട്ട് ഇവരെ ഭരിക്കാൻ നമ്മൾ ചുമതലപ്പെടുത്തി. ഇനി രണ്ടുകൊല്ലം ഒന്നു ഭരിക്കട്ടെ നമുക്കു കണ്ടുകൊണ്ടിരിക്കാം. എന്തിനു കുഴപ്പമുണ്ടാക്കുന്നു? എന്തു സമയം നഷ്ടപ്പെടുന്നു? അതുകൊണ്ട് പ്രതിപക്ഷത്തോട് എനിക്കു പറയാനുള്ളത് ഉപദേശരൂപേണ പ്രായോഗികമായ നിർദ്ദേശങ്ങൾ എന്തെങ്കിലും, നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഗുണകരമായിരിക്കുന്ന കാര്യങ്ങൾ എന്തെങ്കിലും ഗവൺമെൻറിന്റെ മുമ്പാകെ വയ്ക്കാൻ ശ്രമിക്കണം. അങ്ങനെ ഉപദേശംകൊടുത്തുകൊണ്ട് ഗവൺമെൻറിനെക്കൊണ്ട് നല്ലനിലയിൽ പ്രവർത്തിപ്പിക്കുന്നതിന് നമുക്കെല്ലാം യോജിച്ചു പ്രവർത്തിക്കുകയാണു നല്ലത്. അതാണ് നിങ്ങൾ ഇനി ചെയ്യാനുള്ളത്. അങ്ങനെ ഒരു അന്തരീക്ഷം വന്നിരിക്കുന്നു എന്ന് ശ്രീമാൻ ഇമ്പിച്ചിബാവയുടെ പ്രസംഗത്തിൽനിന്നും എനിക്കു മനസ്സിലായിരിക്കുന്നു. അങ്ങനെ ഒരു അന്തരീക്ഷം ഉണ്ടായിരിക്കുന്നു. ആ അന്തരീക്ഷം നമുക്ക് നിലനിറുത്തിക്കൊണ്ടുപോകണം. പിന്നെ പ്രതിപക്ഷത്തുനിന്നും പറയുന്ന സംഗതികളിൽ വല്ലതും നല്ലതായിട്ടുണ്ടോയെന്നു നോക്കാൻ ഭരണകക്ഷിയും തയ്യാറാകണം. അവരെ കൂടിയാലോചനയ്ക്കു വിളിക്കണം. അവർ പറയുന്ന കാര്യങ്ങളിൽ ചെയ്യത്തക്കതുണ്ടെങ്കിൽ ചെയ്തുകൊടുത്തും ചെയ്യാൻ നിവൃത്തിയില്ലാത്തതുണ്ടെങ്കിൽ ചെയ്യാൻ നിവൃത്തിയില്ലെന്ന് ഉള്ള വിവരം അവരെ അറിയിച്ചു മുമ്പോട്ടു പോവുകയാണു വേണ്ടത്. അങ്ങനെ ഇതുവരെ ഉണ്ടായ വഴക്കുകൾ അവസാനിപ്പിക്കേണ്ടതാണ്.

നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തൊഴിലില്ലായ്മയാണ്. ആ തൊഴിലില്ലായ്മയ്ക്ക് പരിഹാരം ഉണ്ടാക്കേണ്ടതു ഒരു ആവശ്യമാണ്. നമ്മളെല്ലാം ഇവിടെ വന്നിരിക്കുന്നത്, നിയമസഭയിൽ വന്നിരിക്കുന്നത് ഓരോരുത്തനും ഒന്നര ലക്ഷത്തിന്റെ പ്രതിനിധികളായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ്. ഒന്നരലക്ഷം ജനങ്ങളെ അല്ലെങ്കിൽ അവരുടെ പ്രതിനിധികളെ അല്ലെങ്കിൽ അവരോട് ഉത്തരം പറയേണ്ട ആളുകളാണ് നാം. വ്യക്തിപരമായ വിരോധങ്ങളും വ്യക്തിവിദ്വേഷങ്ങളും ഒന്നും നമുക്കു പാടില്ല. രണ്ടുകോടി ജനങ്ങളെ കേരളത്തിലുണ്ട്. അവർക്കുവേണ്ട കാര്യങ്ങളെ എല്ലാവരുംകൂടി യോജിച്ചുകൊണ്ട് ചെയ്യുകയാണു വേണ്ടത്. എനിക്കു പറയാനുള്ളത് 72-ൽ എലക്ഷൻവരും. അന്ന് ഈ ജനങ്ങളുടെ വിധിയെഴുത്തുണ്ടാകും. അപ്പോൾ ഈ ജനങ്ങളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി എന്തെങ്കിലും ശേഷിച്ച കാലത്തിനകത്തു ചെയ്തിട്ടുണ്ടെങ്കിൽ അവർ നിങ്ങളെ സപ്പോർട്ടു ചെയ്യും. ഇന്നലെത്തന്നെ കണ്ടില്ലേ പുറത്ത് എന്ത് ആളായിരുന്നു. ജനങ്ങൾ തിരിച്ചുപോയത് ആഹ്ളാദത്തോടുകൂടിയാണ്. അതുപോലെ എലക്ഷൻ കാലത്തും ജനങ്ങളെ തൃപ്തിപ്പെടുത്തിയിട്ടു അവരെ സമീപിക്കാനാണ് ശ്രമിക്കേണ്ടത്.

എലക്ട്രിസിറ്റിയുടെ കാര്യം ശ്രീമാൻ ഇമ്പിച്ചിബാവ പ്രത്യേകം പറഞ്ഞു. എലക്ട്രിസിറ്റിമന്ത്രി അതു ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. എലക്ട്രിസിറ്റി വേണ്ടത്രയുണ്ട്; മിച്ചമുണ്ട്. പക്ഷെ ഉപയോഗത്തിനു വേണ്ടതുകിട്ടുന്നില്ല. കാലിന്റെയും വയറിന്റെയും ഒക്കെ കുറവുണ്ടെന്നു പറഞ്ഞു. ഈ കാലിന് സിമന്റുകാലുകളെ ഉണ്ടാക്കണമെന്ന് ഞാൻ പല തവണ പറഞ്ഞിട്ടുണ്ട്. അത് ഉണ്ടാക്കിതുടങ്ങിയിട്ടുണ്ടെന്നു കേൾക്കുന്നു. തേക്കു കൊണ്ട് കാലുണ്ടാക്കാമെന്നു വിചാരിച്ചാൽ പത്തു പതിനഞ്ചു കൊല്ലത്തെ താമസമുണ്ടാകും. അതുകൊണ്ട് സിമന്റുകാലുകളെ കിട്ടാനുള്ള എർപ്പാടുകളെ ചെയ്തുകൊണ്ട് എല്ലാവീടുകളിലും എല്ലാ സ്ഥലങ്ങളിലും വേണ്ടത്ര ഇലക്ട്രിസിറ്റി എത്തിച്ചുകൊടുക്കാൻ പരിശ്രമിക്കണം. എലക്ട്രിസിറ്റിവേണ്ടത്രയുണ്ട് അതുപയോഗിക്കാൻ കഴിയുന്നില്ല എന്ന് ശ്രീമാൻ ഇമ്പിച്ചിബാവ പറഞ്ഞു. അതിനുള്ള പരിഹാരം ഉണ്ടാക്കേണ്ടതാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഞാൻ ശക്തിയായി പിൻതാങ്ങുകയാണു ചെയ്യുന്നത്. നമ്മുടെ രാജ്യത്തിന്റെ എല്ലാഭാഗത്തും എലക്ട്രിസിറ്റി കിട്ടാൻ ആവശ്യമായ നടപടികളെ സ്വീകരിക്കണം.

സർ, ഇവിടെ പല കാർപ്പറേഷനുകളും ഉണ്ടാക്കിയിട്ടുണ്ട്. ഈ കാർപ്പറേഷനുകളെ ഭംഗിയായി പ്രവർത്തിച്ചുകൊണ്ടുപോകുന്നതിനുള്ള എല്ലാ പരിശ്രമങ്ങളും നടത്തേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ നമ്മുടെ ധനസ്ഥിതി വളരെ മോശമാണ്. നമ്മൾ കടത്തിലാണ്. കടം മുഴുവൻ തീർക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പറ്റിയ രീതിയിലുള്ള വ്യവസായങ്ങൾ ആരംഭിക്കണം. അതിനുള്ള ഒരു ശ്രമം നാം നടത്തേണ്ടതാണ്.

മറ്റൊരുകാര്യം എനിക്ക് ഈ ഗവൺമെന്റിനെ അറിയിക്കാനുള്ളത് നിങ്ങൾ എത്ര കനിയുന്നോ അത്രയ്ക്കു സമരം ഇവിടെ വർദ്ധിക്കുകയാണു ചെയ്യുന്നത്. നിങ്ങൾ ഓർമ്മിക്കണം, ഞാൻ നിങ്ങളോടുപറയുന്നു, നിങ്ങളുടെ ബലഹീനതകൊണ്ടാണ് ഇവിടെ സമരം വർദ്ധിക്കുന്നത്. ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ അതുകൊടുത്തില്ലെങ്കിൽ നമ്മുടെ മന്ത്രിസഭയ്ക്കു കോട്ടം തട്ടിപ്പോകുമോയെന്നുള്ള ഒരു ഭയമുണ്ട്. അതിന്റെ ഫലമായി സമരമില്ലെങ്കിൽ ഒന്നും കിട്ടുകയില്ലെന്ന ഒരു ബോധം നിങ്ങൾ വളർത്തിയിരിക്കുന്നു. നിങ്ങൾ കുറച്ചുകൂടി സ്ട്രാംഗായിട്ടു നിൽക്കണം. ആരുടെയെങ്കിലും മെമ്മോറാണ്ടം കിട്ടിയാൽ അതിൽ വൺ ടൂ ത്രി ഇങ്ങനെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിൽ ഒന്നും രണ്ടും അനുവദിക്കണം. പിന്നെ എത്ര സമരം ചെയ്താലും നിങ്ങൾ കീഴോട്ടു പോകരുത്. ഇന്നത്തെ ഗവൺമെന്റ് കീഴോട്ടു പോകുന്നു. ഗവൺമെന്റു പോകുമെന്ന ശങ്ക നിങ്ങൾക്കുണ്ട്. അതു വേണ്ട നിങ്ങൾ ധൈര്യമായിട്ടു പോവുക. ഞങ്ങൾ, ഭൂരിപക്ഷവും നിങ്ങളുടെകൂടെ ഉണ്ട്. നിങ്ങളും പ്രതിപക്ഷങ്ങളും ഒരു കാര്യം ചെയ്യണം ഇനി ആരെയും സമരത്തിന് ഇറക്കേണ്ട. നല്ല ഒരു ഗവർമ്മെൻറിനുവേണ്ടി ഇവർക്കു

LIBRARY ARCHIVES Kerala Legislative Assembly

കരുത്തുകൊടുത്ത് നമുക്കു മുന്നോട്ടുപോകാം. ഇത്രയും നാം നിങ്ങൾ പോലീസ് ആക്രമണം, പോലീസ് ആക്രമണം, പോലീസ് മർദ്ദനം എന്നൊക്കെ പറഞ്ഞു നടന്നു. ഇനി അതിനൊന്നും നിങ്ങളു പോണ്ട, അതാണു നിങ്ങൾ ചെയ്യേണ്ടത്. നമുക്ക് നല്ലരീതിയിലുള്ള ഒരു ഭരണം ഇവിടെ ഉണ്ടാക്കാം. ഇനി അഡ്വൈസു ചെയ്യാൻ പറ്റുമോയെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ അടുത്ത ഒരു പിറന്നാളാണ് നാളെ, മാർച്ച് 25.

ശ്രീ. കെ. എം. മാണി: എത്രാമത്തെ പിറന്നാളാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: കഴിഞ്ഞതിന്റെ അടുത്തത്.

ശ്രീ. എൻ. കെ. ശേഷൻ: ജൻമദിനാശംസകൾ ഇന്നുതന്നെ അർപ്പിക്ക

ശ്രീ. എം. കൃഷ്ണൻ: സർ, അപ്രോപ്രിയേഷൻബില്ലിനെ അനുകൂലിച്ചുകൊണ്ട് ചില സംഗതികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. കോഴിക്കോട്ടു മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിൽസയ്ക്കുള്ള സൗകര്യമുണ്ടാക്കേണ്ടത് ഏറ്റവും അത്യാവശ്യമാണെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. അവിടെ ക്യാൻസർ ചികൽസയ്ക്കുവേണ്ടി ഒരു ഡീപ്പ് എക്സ്റേ ഉണ്ടെങ്കിലും കഴിഞ്ഞ രണ്ടുവർഷക്കാലമായി അത് ഉപയോഗശൂന്യമായി കിടക്കുകയാണ്. അതു റിപ്പയർ ചെയ്തു ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ ഇതുവരെയും എടുത്തു കാണുന്നില്ല. പുതിയ മന്ത്രിയെങ്കിലും അതു ശ്രദ്ധിച്ചു വേണ്ട നടപടികൾ സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. അതുപോലെതന്നെ ക്യാൻസർചികിൽസ നടത്തുന്നതിനുള്ള കോബോൾട്ട് യൂണിറ്റ് ഉണ്ടാക്കേണ്ടതും ഏറ്റവും അത്യാവശ്യമുള്ള കാര്യമാണ്. മലബാർ പ്രദേശത്തുനിന്ന് പത്തു നാനൂറമ്പതു നാഴിക സഞ്ചരിച്ചു തിരുവനന്തപുരത്തെ മെഡിക്കൽകോളേജിൽ വന്നു ചികിൽസിക്കേണ്ട സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഇന്ന് ക്യാൻസർരോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. ഈ രോഗം ചികിൽസിച്ചു ഭേദമാക്കുന്നതിനുവേണ്ടി അവിടെയുള്ള ആളുകൾക്ക് 450നാഴിക സഞ്ചരിച്ചു തിരുവനന്തപുരത്തു വരേണ്ടിവരുന്നതു വളരെ കഷ്ടമാണ്. കോഴിക്കോട്ടു മെഡിക്കൽ കോളേജിൽ ക്യാൻസർരോഗം ചികിൽസിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായിട്ടും അതു ഫലപ്രദമായി നിലവിൽവന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം ശ്രദ്ധിച്ചു അവിടെ ഒരു ഡീപ്പ് എക്സ്റേപ്ലാന്റും ഒരു കോബോൾട്ട് യൂണിറ്റും ഉണ്ടാക്കണമെന്ന് ഞാനാപേക്ഷിക്കുകയാണ്. അതുപോലെതന്നെ കോഴിക്കോട്ടു മെഡിക്കൽകോളേജിൽ കുട്ടികൾക്കുവേണ്ടിയുള്ള ഒരു ആശുപത്രി അത്യാവശ്യമാണ്. അതിനുവേണ്ടി ഈ കൊല്ലത്തെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ ഉൾക്കൊള്ളിച്ചതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. അതുപോലെതന്നെ തിരുവനന്തപുരം മെഡിക്കൽകോളേജിൽ വൈസ്പ്രിൻസിപ്പലിനെ നിയമിച്ചതായി കാണുന്നുണ്ട്. കോഴിക്കോട്ടു മെഡിക്കൽകോളേജിൽ വൈസ്പ്രിൻസിപ്പലിനെ അനുവദിച്ചതായിക്കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടിയുള്ള നടപടിസ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയോട പേക്ഷിക്കുകയാണ്. സർ, സെക്രട്ടേറിയറ്റ് പടിക്കൽ കുറെ ദിവസമായി ഫാർമസി കോഴ്സിനുള്ള വിദ്യാർത്ഥികൾ സത്യാഗ്രഹ സമരം നടത്തുക യാണ്. അവരുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് ആ സമര ത്തിനു അറുതിവരുത്തണം. അവരെ പഠിപ്പിക്കുന്നതിന് അധ്യാപകരില്ലെന്നും പഠിക്കുന്നതിനുവേണ്ടിവിവിധ സ്ഥലങ്ങളിൽ യാത്രചെയ്യേണ്ടിവരുന്നുയെന്നും ഇതിനെല്ലാം ഉപരിയായി ഈ കോഴ്സിന് കേന്ദ്രഗവൺമെൻറ് ഇതുവരെ അംഗീ കാരം നൽകിയിട്ടില്ലെന്നുമുള്ളതാണ് അവരുടെ പരാതി. അതുപോലെതന്നെ അവരുടെ ഉദ്യോഗസാധ്യതയും വളരെ വിരളമാണ്. അതുകൊണ്ട് അവരുമായി സംസാരിച്ച് ഈ കാര്യത്തിൻമേൽ ഒരു തീരുമാനമെടുക്കണമെന്ന് ഞാൻ ബഹു മാനപ്പെട്ട മന്ത്രിയോടപേക്ഷിക്കുകയാണ്. കഴിഞ്ഞ ഗവൺമെൻറ് കേരള ത്തിൽ 9 സെൻറർ ക്ലിനിക്കുകൾ ആരംഭിക്കണമെന്നും തീരുമാനിച്ചു. അതി ലൊന്നും ഇതുവരെയായിട്ടും ആരംഭിച്ചതായിക്കാണുന്നില്ല. അതിൻെറ കാരണ മെന്താണെന്നന്വേഷിച്ചപ്പോൾ അതിനാവശ്യമായ ഉപകരണങ്ങൾക്കുള്ള തുക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നറിഞ്ഞു. അതുകൊണ്ട് അതിനാവശ്യമായ തുക അനുവദിച്ച് കേരളത്തിൻെറ വിവിധഭാഗങ്ങളിലായി ഈ ക്ലിനിക്കുകൾ സ്ഥാപിക്കണമെന്നും മന്ത്രിയോടപേക്ഷിക്കുകയാണ്. അതുപോലെ മറ്റൊരു കാര്യം. ഹെൽത്ത് സർവ്വീസസ് ഡയറക്ടറുടെ നിയമനം ഇതുവരെയായിട്ടും നടന്നിട്ടില്ല. എന്തെല്ലാമോ ചില കാരണങ്ങൾകൊണ്ട് അതു നീട്ടിക്കൊണ്ടു പോകുകയാണ്. ജനുവരിയിലെ നിയമസഭാസമ്മേളനത്തിൽ ഞാൻ ഇതിനെ സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചപ്പോൾ അടുത്തുതന്നെ നിയമനം നടത്തു മെന്നുപറഞ്ഞെങ്കിലും ഇതുവരെയായിട്ടും അതുസംബന്ധമായ യാതൊരു തീരു മാനവും എടുത്തുകാണുന്നില്ല. ഒരു ഡയറക്ടറില്ലാത്തതുകൊണ്ട് പല വൈഷമ്യങ്ങളും ഉണ്ട്. ഇക്കാര്യവും ത്വരിതപ്പെടുത്തണം.

സർ, വടകര, ബൈപ്പാസ് റോഡിനുവേണ്ടി 1962 മുതൽ ബഡ്ജറ്റിൽ തുകകൊള്ളിക്കുകയാണ്. ഈ 8 വർഷംകഴിഞ്ഞിട്ടും അതിൻെറ പ്രവർ ത്തനം ആരംഭിക്കാൻസാധിച്ചിട്ടില്ല. അതുസംബന്ധമായ നടപടികളും അനാ വശ്യമായി നീട്ടിക്കൊണ്ടുപോകുന്നതിൻെറ ഫലമായിട്ടാണ് ഓരോകൊല്ലവും തുക ഉൾക്കൊള്ളിക്കുന്നുണ്ടെങ്കിലും അതു ചെലവഴിക്കാൻസാധിക്കാതെവരുന്നത്. ഇപ്പോൾ അതിനുവേണ്ടി അക്വയർ ചെയ്ത സ്ഥലം കാടായികിടക്കുകയാണ്. അവിടെയുള്ള തേങ്ങായൊക്കെ ആവശ്യമുള്ള ആളുകൾ പറിക്കുകയാണ്. അതു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം പ്രത്യേകം അന്വേഷിക്കുകയും എങ്ങനെയെങ്കിലും ഈ റോഡിൻെറ പ്രവർത്തനം സമാരംഭിക്കുന്നതിനുള്ള നട പടികൾ സ്വീകരിക്കുകയുംചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതു പോലെ വടകര–ബേക്കൽത്തുറ റോഡ് പൂർത്തിയായാൽ ഇപ്പോഴുള്ള റോഡി നേക്കാൾ 25 നാഴികയെങ്കിലും ദൂരത്തിൽ കുറവുവരും. ഇതിനുവേണ്ടി ബഡ്ജറ്റിൽ തുകകൊള്ളിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര സംഖ്യയില്ലാത്തതിൻെറ പേരിൽ ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. അതിന് ഏകദേശം നാലരലക്ഷംരൂപ വേണ്ടിവരുമെന്നാണ് തോന്നുന്നത്. ഈ റോഡ് പൂർത്തി യായാൽ വയനാടും വടകരയും തമ്മിൽ ബന്ധപ്പെടുന്നതിനും സാധനങ്ങൾ വടകര യിലേയ്ക്കു കൊണ്ടുപോകുന്നതിനും വളരെ സൗകര്യമായിരിക്കും. അങ്ങനെ അവിടെയുള്ള കൃഷിക്കാർക്ക് ധാരാളം ഉല്പന്നങ്ങൾ വിറ്റഴിക്കാനും സാധിക്കും.

പബ്ളിക് സർവ്വീസ് കമ്മീഷനിൽനിന്നും ആളുകളെ എടുത്തു എന്നു ള്ളതിൻെറപേരിൽ ഇന്ന് സർവ്വീസിൽ നിന്നും കുറേ അധികം ഡോക്ടർമാരെ പിരിച്ചുവിട്ടിരിക്കുകയാണ്. ഇത് വളരെ വിഷമമുള്ള സംഗതിയാണ്. രണ്ടുമൂന്നുകൊല്ലക്കാലം സർവ്വീസിലിരുന്ന അവർക്ക് എന്തോകാരണത്താൽ

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് സർവ്വീസ് കമ്മീഷനിൽ അപേക്ഷിക്കാൻസാധിച്ചില്ലെന്നുള്ളതിന്റെ പേരിൽ ഇങ്ങനെ പിരിച്ചുവിടുന്നതു കഷ്ടമാണ്. അതുകൊണ്ട് അവരെ വീണ്ടും ഉദ്യോഗത്തിൽ നിയമിക്കുന്നതിനും അവരുടെ സർവ്വീസ് അംഗീകരിച്ചുകൊടുക്കുന്നതിനും നടപടിസ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ ഇലക്ട്രിസിറ്റിയെസംബന്ധിച്ചും ഒരു കാര്യം പറയാനുണ്ട്. ഇലക്ട്രിക്കൽ വിംഗാണ് ഇപ്പോൾ സിവിൽവിംഗിന്റെ പ്രവർത്തനവും നടത്തുന്നത്. ഇങ്ങനെ സിവിൽ വിംഗിന്റെ പ്രവർത്തനവും കൂടി ഇലക്ട്രിക്കൽ വിംഗ്നടത്തുന്നതുകൊണ്ട് ഇലക്ട്രിക്കൽവിംഗിന്റെ പ്രവർത്തനം വേണ്ടത്ര മുന്നോട്ടു പോകുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടും ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഒന്നുകൂടി അനുകൂലിച്ചു കൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ഇന്നലെ ഇവിടെ നടന്ന വോട്ടിംഗിൽ ഭരണകക്ഷി വിജയിച്ചു എന്നാണ് ചില ബഹുമാനപ്പെട്ട സ്നേഹിതൻമാർ പറയുന്നത്. മന്ത്രിസഭ ഒരതിർത്തിവരെ വിജയിച്ചു എന്ന് പറയാൻ സാധിക്കും. ഭരണകക്ഷി വിജയിച്ചു എന്നു പറഞ്ഞാൽ എനിക്ക് അത് മനസ്സിലാക്കാൻസാധിക്കുന്നില്ല. കാരണം കഴിഞ്ഞ ഒരു പ്രാവശ്യം ഭരണകക്ഷിക്ക് വോട്ടിംഗിൽ 73 പേരാണുണ്ടായിരുന്നത്. ഈ പ്രാവശ്യം കാണാൻകഴിഞ്ഞത് 66 വോട്ടാണ്. ഇതുവച്ചുകൊണ്ട് ഭരണകക്ഷി ജയിച്ചു എന്നെങ്ങനെപറയും? ഒരു മുഖ്യമന്ത്രി തന്റെ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടോ എന്നു പരിശോധിക്കുമ്പോൾ നിയമസഭയുടെ ഭൂരിപക്ഷമാണ് നോക്കുക. ഇപ്പോൾ നിയമസഭയിൽ 130 അംഗങ്ങളാണുള്ളത്. 134 ഉള്ളതിൽ മൂന്നുനാലു സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. ഒരു സീറ്റ് സ്പീക്കറുടേത്. അങ്ങനെ 130 അംഗങ്ങളുള്ളതിൽ ഒരുവോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ഭരണകക്ഷി ജയിച്ചു എന്നു പറയാൻസാധിക്കുകയില്ല, എന്നാണ്ട് മന്ത്രിസഭ ജയിച്ചു എന്നു വേണമെങ്കിൽപറയാം. 8 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയം കൈവരിച്ചത് എന്നു പറയുന്നതിൽ ഒരർത്ഥവുമില്ല. ഒരു വോട്ടിന്റെ ഭൂരിപക്ഷത്തോടെ മുഖ്യമന്ത്രി മുഖ്യമന്ത്രിയായിതുടരണമോ വേണ്ടയോ എന്നുള്ള കാര്യം അദ്ദേഹം ആലോചിക്കണം. മുമ്പൊരവസരത്തിൽ പനമ്പള്ളിഗോവിനന്ദമേനോൻ ഒരു വോട്ടിന്റെ ഭൂരിപക്ഷത്തോടുകൂടി ജയിച്ച അവസരത്തിൽ അദ്ദേഹത്തിന്റെ തൊലിക്കട്ടിയെപ്പറ്റി ഈ നിയമസഭയിലുള്ള പല ആളുകളും പറഞ്ഞിട്ടുണ്ട്. പക്ഷേ അപ്പോൾ അദ്ദേഹത്തിന്റെ കക്ഷിയിൽനിന്ന് 6 പേർ വോട്ടിംഗിൽ പങ്കെടുത്തിട്ടുണ്ടായിരുന്നില്ല. അതോർക്കുമ്പോൾ അദ്ദേഹം കാണിച്ച അന്തസ്സായ പ്രവർത്തിയുടെ എതെങ്കിലുമൊരു ഭാഗം ഇന്നത്തെ മുഖ്യമന്ത്രി കാണിച്ചിട്ടുണ്ടോ?

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ നിയമസഭയിൽ ഭൂരിപക്ഷമുള്ള ഒരു കക്ഷിയെ തിരഞ്ഞെടുപ്പുവഴിക്ക് ഗവൺമെന്റു രൂപീകരിക്കാൻ ഗവർണ്ണർ ചട്ടപ്രകാരം വിളിക്കേണ്ടതുണ്ട്. അങ്ങനെ നിയമസഭയിൽ കവിഞ്ഞ ഭൂരിപക്ഷം അതായത് ഒരു വോട്ടിന്റെ ഭൂരിപക്ഷമുണ്ടെങ്കിലും മന്ത്രിസഭ രൂപീകരിക്കാൻ വ്യവസ്ഥയിരിക്കേ ഇവിടത്തെ ഭരണകക്ഷി രാജിവയ്ക്കണമെന്നു പറയുന്നത് ഭരണഘടനയ്ക്കു വിരുദ്ധമാണോ, അതുകൊണ്ട് ഇത് ഓർഡറിലാണോ എന്നുള്ളതിന് ഒരു റൂളിംഗ് തരണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : (ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി): അതിന് റൂളിംഗിന്റെ ആവശ്യമൊന്നുമില്ല. ബഹുമാനപ്പെട്ട മെമ്പർ അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു എന്നേയുള്ളൂ.

ശ്രീ. എൻ. കണപതി: *സർ, 1957 எலக்ஷனில் நமது மேன்மை தங்கிய இ. எம். சங்கரன்நம்பூதிரி ஆசான் அவர்கள் மெஜாரிட்டி இல்லாமல் இன்டிபென்டன்ட் மெம்பர்களின் கூட்டிச் சேர்த்து அதாவது திரு. வி. ஆர். கிருஷ்ணய்யர் அவர்களையும் திரு. ஏ. ஆர். மேனவனையும் ஒன்றுக சேர்த்து கவர்மென்டை ஏற்படுத்தினார்கள். அதுபோல் நமது முதன் மந்திரியாய் இருக்கும் வி. அச்சுத மேனன் ஆசான் அவர்களுக்கு இன்டிபென்டன்டை கூட்டுச்சேர்த்து இந்த மந்திரிசபை தொடருவதால் என்ன ஆட்சேபம் இருக்கிறது?*

ശ്രീ. മൊതീൻകുട്ടി ഹാജി: *இதில் பாயின்ட் ஆப் ஆர்டக்ருகு இடமில்லை*

ശ്രീ. കെ. എ. ശിവരാമഭാരതി: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെ തുടരണമോ എന്നുള്ളതല്ല അദ്ദേഹം വാസ്തവത്തിൽ പരിചിന്തിക്കേണ്ടതല്ലേ എന്നാണു ഞാൻ ചോദിക്കുന്നത്. ശ്രീമാൻ പനമ്പള്ളിഗോവിന്ദമേനോൻതന്നെ ഇക്കാര്യത്തിൽ മാതൃക കാണിച്ചിട്ടുണ്ട്. ആ സ്ഥിതിക്ക് പനമ്പള്ളിഗോവിന്ദമേനോന്റെ ആളുകളുടെ സഹായവും സ്നേഹവും വിശ്വസിച്ചുകഴിയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം ആലോചിക്കേണ്ടതാണ്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ഇന്നു രാവിലെ വ്യവസായവകുപ്പ് മന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ എന്റെ നിയോജകമണ്ഡലമായ ആറംമുളയിൽ മുളക്കര എന്ന സ്ഥലത്ത് പ്രഭുറാം സ്പിന്നിംഗ്മില്ലിന്റെ പ്രവർത്തനം ആരംഭിക്കുമെന്ന് പറയുകയുണ്ടായി. അതിന്റെ പ്രവർത്തനം എത്രയും ത്വരിതപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കുകയാണ്. ട്രാൻസ്പോർട്ടു മന്ത്രിയോട് ഒരു അഭ്യർത്ഥനയുള്ളത്, ചെങ്ങന്നൂർ, ആറംമുള, മെഴുവേലി ബസ്സർവ്വീസ് വേണമെന്ന് പലതവണ നിവേദനം നടത്തുകയും അതിനുംപുറമേ ഞാൻ തുടർച്ചയായി അദ്ദേഹത്തോട് പറയുകയും അത് ഉടൻതന്നെ അനുവദിക്കുന്നതാണെന്ന് മറുപടിതരികയും ചെയ്തിരിക്കുകയാണ്, അതെപ്പറ്റി ആലോചിച്ച് എത്രയും വേഗം നടപടി സ്വീകരിക്കണമെന്നാണ്. അതുപോലെതന്നെ ഇറിഗേഷൻ പണി പലതും മുടങ്ങികിടക്കുകയാണ്. പകുതിയാരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന ഇറിഗേഷൻ പദ്ധതി പൂർത്തിയാക്കണം. അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നു ഇറിഗേഷൻ മിനിസ്റ്ററോട് അഭ്യർത്ഥിക്കുകയാണ്.

ഇന്നലെ ബഹുമാനപ്പെട്ട സഭാനേതാവ് സ്വതന്ത്രൻമാരെപ്പറ്റി പരാമർശം നടത്തുകയുണ്ടായി. അങ്ങ് വടക്ക് ഇൻഡ്യാമഹാരാജ്യത്തിന്റെ തെക്കേ അതിർത്തിയായ ചവറ മുതൽ തെക്ക് കൊല്ലംവരെ മാത്രമുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന ആർ. എസ്. പി. നേതാവ് ശ്രീ. ടി. കെ. ദിവാകരൻ ഞങ്ങളെപ്പോലെയുള്ള സ്വതന്ത്രൻമാരുടെ പ്രസ്ഥാനത്തെപ്പറ്റി വളരെ നിന്ദ്യവും നീചവുമായ രീതിയിൽ ചിത്രീകരിക്കുകയുണ്ടായി. സർ, വ്യക്തിപരമായി എന്നെപ്പറ്റി ശകാരിയായി വിമർശിക്കുകയുണ്ടായി.

ശ്രീ. ടി. വി. തോമസ്: സ്വതന്ത്രൻമാരെപ്പറ്റിയല്ല ചന്ദ്രസേനനെപ്പറ്റിയാണ് പറഞ്ഞത്.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: എന്നെപ്പറ്റി വിമർശിച്ചു എന്നുതന്നെയാണ് പറഞ്ഞത്. എന്നെപ്പറ്റിയുള്ള വിമർശനത്തിന് മറുപടി പറ

LIBRARY ARCHIVES Kerala Legislative Assembly

യാൻ ഒരു മെമ്പർ എന്നുള്ള നിലയിൽ എനിക്ക് അവകാശമുണ്ട്. ഞാൻ ഈ സഭയിൽ പ്രസംഗിച്ചതു; വളഞ്ഞവഴിയിൽകൂടി അധികാരത്തിലേക്ക്വന്ന അച്യുതമേനോൻ രാജിവച്ച് സഭാനേതാവ് ടി. കെ. ദിവാകരൻ മുഖ്യമന്ത്രിയാകണമെന്നാണ്. അതല്ലെങ്കിൽ എസ്. എസ്. പി. നേതൃത്വം ഭരണം ഏറ്റെടുക്കണം. അതും സാധ്യമല്ലെങ്കിൽ സ്വതന്ത്രൻമാരായ ഞങ്ങടം ഏറ്റെടുക്കമെന്നാണ്. മുഴുവനും സ്വതന്ത്രൻമാരെ ഏൽപ്പിക്കണമെന്ന അഭിപ്രായം ഞാൻ പറഞ്ഞില്ല. ഈ രാജ്യത്തുള്ള ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി സഭാനേതാവായ അദ്ദേഹം ഉന്നയിച്ച ആക്ഷേപത്തിൽ ശക്തിയായി പ്രതിഷേധിക്കുകയും അമർഷം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ശ്രീ. ബേബിജോൺ: അദ്ദേഹത്തിന്റെ ഇൻഡ്യാമഹാരാജ്യം മെഴുവേലിയും പരിസരവുമാണെന്ന് തോന്നുന്നു.

ആരോഗ്യവും ഗതാഗതവും മന്ത്രി (ശ്രീ. കെ. എം. ജോർജ്): സർ, എല്ലാ ഭാഗത്തുനിന്നും ഈ അപ്രോപ്രിയേഷൻ ബില്ലിനെപ്പറ്റി രാഷ്ട്രീയ തലത്തിൽ പല പരാമർശങ്ങളും നടത്തി; അതിനെല്ലാം വിശദമായ മറുപടി പറയാൻ സമയമില്ലാത്തതിൽ വിഷമമുണ്ട്. എന്റെ സ്നേഹിതൻ ഇമ്പിച്ചിബാവ ട്രാൻസ്പോർട്ടുകാർപ്പറേഷനെ സംബന്ധിച്ചും അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുമാണ് ആദ്യമായി പരാമർശിച്ചത്. അദ്ദേഹത്തിന്റെ ഭരണം മാറിയതിനുശേഷം ട്രാൻസ്പോർട്ട് കാർപ്പറേഷനിൽ എല്ലാം കഴിഞ്ഞിരിക്കുന്നു എന്നുള്ള ആമുഖത്തോടുകൂടിയാണ് തുടങ്ങിയത്. സർ, അങ്ങനെയൊരു തോന്നൽ അദ്ദേഹത്തിന് ഉണ്ടാകുന്നതിൽ എനിക്ക് പരാതിയില്ല. ട്രാൻസ്പോർട്ടു കാർപ്പറേഷനിലെ വണ്ടികടം വെറുതെ കിടക്കുകയാണെന്നും സർവ്വീസ് മുടങ്ങിയിരിക്കുകയാണ്, യാതൊരു വികസനവും അവിടെ നടക്കുന്നില്ലെന്നും അദ്ദേഹം സ്വപ്നം കാണുന്നതെങ്കിൽ അത് ശരിയല്ലെന്നാണ് പറയുവാൻ ഞാനാഗ്രഹിക്കുന്നത്. ഈ രാജ്യത്ത് 80 കിലോമീറ്ററിൽ കൂടുതൽ ഉള്ള എല്ലാ റൂട്ടുകളും ദേശസാൽക്കരിക്കുന്നതിന് ഗവൺമെന്റ് വ്യക്തമായ പരിപാടികളോട് മുന്നോട്ടു പോകുകയാണ് എന്ന് ഞാൻ നേരത്തെതന്നെ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മുടങ്ങിക്കിടക്കുന്ന സർവ്വീസുകടം അപ്പാടെ ഏറ്റെടുത്ത് എത്രയും വേഗം എത്രയും ബസ്സുകടം അനവധി റൂട്ടുകളിൽ ആരംഭിക്കാനും പുതുതായി കൂടുതൽ റൂട്ടുകടം ആരംഭിക്കാനും റീപ്ലേസ് ചെയ്യേണ്ടവ റീപ്ലേസ് ചെയ്യാനും ഗവൺമെന്റ് വ്യക്തമായ പരിപാടികടം ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ ഗവൺമെന്റ് വന്നതിനു ശേഷം എത്ര ബസ്സുകടം റോഡിൽ ഇറക്കി?

ശ്രീ. കെ. എം. ജോർജ്: എത്ര ബസ്സുകടം നശിപ്പിക്കപ്പെട്ടുവെന്നുള്ളതിന്റെ കണക്ക് ഉണ്ടെങ്കിൽ അതെല്ലാം റീപ്ലേസ് ചെയ്യുന്നതിനും അതുപോലെ റോഡിൽ ഇറക്കുകയും ചെയ്യുന്ന കാര്യമാണ് ഉള്ളത്. ഈ ട്രാൻസ്പോർട്ട് കാർപ്പറേഷൻ സമരകാലത്ത് 33 ബസ്സുകടം നശിപ്പിച്ചിട്ടുണ്ട്. ബസ്സുകളുടെ ടയറുകടം കുത്തിക്കീറുകയും ബസ്സുകടം തീവച്ചു നശിപ്പിക്കുകയും യാത്രക്കാരെ ബസിനകത്തുവച്ചു ചുട്ടുകരിക്കുകയും ചെയ്തിട്ടുള്ള ബഹുമാനപ്പെട്ട സ്നേഹിതൻമാർ ചോദിക്കേണ്ടതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു വിനാശിക ഭരിക്കാൻ അനുവദിക്കുകയില്ല. യാതൊരുമേഖലയിലും മുന്നോട്ടുപോകാൻ അനുവദിക്കുകയില്ല, തെരുവിൽ വച്ച് യുദ്ധംചെയ്തു ഈ ഗവൺമെന്റിനെ തകർക്കാൻ ആഗ്രഹിക്കുന്നവർ, പണിയെടുക്കുന്നതിന് ഈ മന്ത്രിമാർക്ക് സമയമില്ലെന്ന് ആക്ഷേപിക്കുന്നു. 32 മാസം ഭരിച്ചിട്ട് എന്തെല്ലാം ചെയ്യാൻ കഴിഞ്ഞു?

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ 32 മാസം ചെയ്തതും ഞങ്ങൾ നാലുമാസംകൊണ്ടു ചെയ്തതും തമ്മിൽ താരതമ്യപ്പെടുത്തിനോക്കാൻ തയാറാണോ? ഇങ്ങനെയെല്ലാമുള്ള മനോഭാവത്തോടുകൂടിയല്ല ഈ ഗവൺമെൻറിനെ കാണേണ്ടത്. ഉത്തരവാദിത്വമുള്ള പ്രതിപക്ഷമെന്ന നിലയിൽ ഗവൺമെൻറിൻെറ പ്രവർത്തനങ്ങൾക്ക് ആത്മാർത്ഥമായ സഹകരണം നൽകേണ്ടതാണ്. എവിടെയൊക്കെയാണ് വികസിപ്പിക്കേണ്ടത് അതിനെയൊക്കെ വികസിപ്പിക്കുവാൻ ഞങ്ങൾ തയാറാണ്. തെറിക്കുത്തരം മുറിപ്പത്തൽ എന്ന സമീപനമല്ല ഗവൺമെൻറിനേറത്. 140 ദിവസത്തിനകം ഇവിടത്തെ പ്രതിപക്ഷം ചെയ്തതൊക്കെ മറച്ചുവച്ചിട്ട് ഇമ്പിച്ചിബാവ ട്രാൻസ്പോർട്ട് തകർന്ന് തരിപ്പണമായി കിടക്കുകയാണ് എന്ന് പറഞ്ഞാൽ അതു വകവച്ചുതരാൻ പോകുന്നില്ല. ട്രാൻസ്പോർട്ട് രംഗം തകർന്നു തരിപ്പണമായിരിക്കുന്നു എന്നു പറയുന്നത് അംഗീകരിക്കുവാൻ നിർവ്വാഹമില്ല.

മൈനർപോർട്ടുകളെ സംബന്ധിച്ച് വളരെയൊക്കെ കുറ്റപ്പെടുത്തി പറയുകയുണ്ടായി. എനിക്ക് അതിൽ പരാതിയില്ല. 1969–70–ലെ ബഡ്ജറിൽ മൈനർപോർട്ടുകളുടെ വികസനത്തിന് ശ്രീ. ഇമ്പിച്ചിബാവ എത്ര തുക കൊള്ളിച്ചിരുന്നു. കേവലം ടോക്കൺ തുകയായിട്ട് 10,000 രൂപ കൊള്ളിച്ചിരുന്നു. എന്നിട്ടാണ് ഡ്രഡ്ജർ വാങ്ങിയില്ല എന്ന് ആക്ഷേപിച്ചത്. 90 ദിവസത്തിനകം ഡ്രഡ്ജർ വാങ്ങിയില്ല എന്നാണു പറഞ്ഞത്. സർ, ഡ്രഡ്ജർ വാങ്ങേണ്ട പരിപാടി ഗവൺമെൻറ് ഊർജ്ജിതമായി നടപ്പിലാക്കുവാൻ ആഗ്രഹിക്കുകയാണ്. കൂടുതൽ തുക ഈ വരുന്ന കൊല്ലത്തെ ബഡ്ജറിൽ കൊള്ളിക്കുന്നുണ്ട്. ഡ്രഡ്ജർ വാങ്ങുവാനുള്ള നടപടി ആരംഭിച്ചു മുന്നോട്ടു പോകുകയാണ്. ബഡ്ജറിൽ തുക കൊള്ളിച്ചിട്ടില്ലെന്ന് ആരോപണം ഉന്നയിച്ചത് ശരിയല്ല. ഡ്രഡ്ജർ വാങ്ങിയില്ല., വാങ്ങാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ വിഴിഞ്ഞം ഹാർബറിൻെറ കാര്യവും മൈനർ തുറമുഖങ്ങളുടെ കാര്യവുമെല്ലാം, ഗവൺമെൻറ് എത്രയും വേഗം കേന്ദ്രഗവൺമെൻറിൽനിന്നും കിട്ടേണ്ട സഹായധനം വാങ്ങിച്ച് ഈ തുറമുഖങ്ങൾ വികസിപ്പിക്കുവാൻ ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. ഇതേപ്പറ്റി ശ്രീ. ഇമ്പിച്ചിബാവയ്ക്ക് യാതൊരു സംശയവും ആവശ്യമില്ല. കപ്പൽ കമ്പനി തുടങ്ങുന്നതിനെപ്പറ്റിയുള്ള ഫയൽ ഇപ്പോൾ ഉണ്ടോ എന്ന് ശ്രീ. ഇമ്പിച്ചിബാവ ചോദിക്കുകയുണ്ടായി. ഞാൻ ചുരുക്കി പറയാം. ഞാൻ ഫയൽ കണ്ടു. ചെകോസ്ലോവാക്കിയായുടെ സഹായത്തോടുകൂടിയാണ് അതു തുടങ്ങുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. ആ കാര്യം ട്രാൻസ്പോർട്ട് കാർപ്പറേഷൻെറ കീഴിൽ അല്ല നടത്തേണ്ടത്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറാണ് അതു തുടങ്ങേണ്ടത്. അതുകൊണ്ട് ആ ഫയൽ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൻെറ പരിശോധനയ്ക്കും മറ്റു നടപടികൾക്കും വേണ്ടി അയച്ചുകൊടുത്തിരിക്കുകയാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിൽസ ആരംഭിക്കുന്ന കാര്യം ഗവൺമെൻറ് ഗൗരവപൂർവ്വം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട് മെഡിക്കൽകോളേജിൽ പ്രൊഫസറെ നിയമിച്ചിട്ടുണ്ട്, വൈസ് പ്രിൻസിപ്പലിനെ നിയമിച്ചിട്ടുണ്ട്. പോസ്റ്റ്ഗ്രാഡുവേറ്റു കോഴ്സ് തുടങ്ങി. അതിനുമുമ്പ് ഒരു കാലത്തും ഇല്ലാത്തയത്ര സ്റ്റാഫിനെ നിയമിച്ചിട്ടുണ്ട്. ഫാർമസിസ്റ്റുകളുടെ കാര്യത്തിലും ഗവൺമെൻറ് വേണ്ടതൊക്കെ ചെയ്യുന്നുണ്ട്. ഫാർമസിസ്റ്റു വിദ്യാർത്ഥികൾക്ക് ചെയ്തുകൊടുക്കാവുന്നവ എല്ലാം ചെയ്യുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഒമ്പതുഡെൻറൽ യൂണിറ്റ്സ് സംസ്ഥാനത്തിലെ വിവിധ ഹോസ്പിറ്റലുകളിൽ ആരംഭിക്കുവാൻ ഗവൺമെൻറ് തുക കൊള്ളിച്ചിട്ടുണ്ട്. അത് എത്രയും വേഗം തുടങ്ങുന്ന കാര്യവും ആലോചിച്ചിട്ടുണ്ട്. ഡി. എച്ച്.

LIBRARY ARCHIVES Kerala Legislative Assembly

എസിന്റെ കാര്യം ഇവിടെ പലരും പരാമർശിച്ചു. ഡി. എച്ച്. എസിനെ നിയമിക്കുന്ന കാര്യത്തിൽ മൂന്നുനാലുമാസമായി ഈ ഗവൺമെന്റ് അലസത കാണിക്കുകയല്ല ചെയ്തത്. ഏതാനും ഡാക്ടർമാരുടെ സീനിയാറിട്ടിയെ സംബന്ധിച്ച് തർക്കം ഉന്നയിച്ചിരുന്നു. ആ കേസ് ഹൈക്കോടതിയിൽ പോയിരിക്കുകയാണ്. ഈ പ്രശ്നം ക്യാബിനറ്റിന്റെ മുമ്പിൽ ഇരിക്കുകയാണ്. എത്രയുംവേഗം തീരുമാനമെടുക്കും. എല്ലാ കാര്യവും സമഗ്രമായി പരിശോധിച്ച് ന്യായമായ തീരുമാനം എടുക്കുന്നതിന് സ്വൽപ്പം സമയം വേണ്ടിവരുന്നുവെന്നുള്ളതല്ലാതെ വേറേ യാതൊരു പ്രയാസവും ഇല്ല.

തിരുവനന്തപുരത്തും വിഴിഞ്ഞത്തും കാര്യവട്ടത്തും മൂന്നു ട്രാൻസ്പോർട്ടു സബ്ഡിപ്പോകളും തുടങ്ങുന്നതിന് സാങ്ഷൻ കൊടുത്തുകഴിഞ്ഞു.

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ): സർ, അപ്രോപ്രിയേഷൻ ബില്ലിനെപ്പറ്റി നടന്ന ലഘുവായ ചർച്ചയിൽ പങ്കെടുത്തു സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട മെംബർമാരോടും എനിക്ക് കൃതജ്ഞതയുണ്ട്. ചർച്ചകളിൽ പൊന്തിവന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളെസംബന്ധിച്ച് പറയാനുള്ളത് ബഹുമാനപ്പെട്ട ആരോഗ്യവും ട്രാൻസ്പോർട്ടും വകുപ്പുമന്ത്രി ഇവിടെ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ ഞാൻ പ്രത്യേകിച്ച് എന്തെങ്കിലും പറയത്തക്കവണ്ണം ഒരു കാര്യവും ചർച്ചകളിൽ പൊന്തിവന്നിട്ടില്ല. അതുകൊണ്ട് ഈ ധനവിനിയോഗബിൽ പാസാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

10 A. M.

The question that the Kerala Appropriation (No. 2) Bill, 1970, be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that Clauses 2 and 3 stand part of the Bill was put and carried.

Clauses 2 and 3 were added to the Bill.

The Schedule

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

Clause 1 Preamble and Title

The question that Clause 1, Preamble and Title stand part of the Bin was put and carried.

Clause 1, Preamble and Title were added to the Bill.

Shri N. K. Seshan: I move that the Bill be finally passed.

Minister for Transport (**Shri K. M. George**) : I second it.

The question that the Kerala Appropriation (No. 2) Bill, 1970 be passed was put and carried.

The Bill was passed.

LIBRARY ARCHIVES Kerala Legislative Assembly